**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6350** **10-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വാഹനങ്ങൾ നിരത്തിലിറക്കുന്നതിലുള്ള സാമ്പത്തിക ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 മായി ബന്ധപ്പെട്ട് അടച്ചിട്ടിരുന്ന പൊതുവിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ രണ്ട് വർഷത്തിനുശേഷം സ്കൂൾ വാഹനങ്ങൾ നിരത്തിലിറക്കുന്നതിനായി വിവിധ തരത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കാമോ; | (ബി) | മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |
| (സി) | സ്കൂൾ തുറക്കൽ മാർഗ്ഗരേഖയിൽ സ്കൂൾ വാഹനങ്ങൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകിയതിൽ പ്രസ്തുത വാഹനങ്ങൾക്കുണ്ടാകുന്ന അധിക ചെലവുകൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | ഇക്കാര്യത്തിൽ സ്കൂൾ സമിതികൾക്ക് ചെലവാക്കാൻ കഴിയുന്നതിലുപരി ചെലവുകൾ വരികയാണെങ്കിൽ ആയത് പരിഹരിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ? | (ഡി) | കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ അടച്ചിട്ടിരിക്കുന്ന പൊതുവിദ്യാലയങ്ങൾ വീണ്ടും തുറന്നു പ്രവർത്തിക്കുമ്പോൾ നിരത്തിലിറക്കേണ്ടിവരുന്ന സ്കൂൾവാഹനങ്ങൾക്കുണ്ടാകുന്ന ചെലവുകൾ സ്കൂൾ സമിതികൾക്ക് വഹിക്കുവാൻ കഴിയുന്നതിലുപരിയാണെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ